**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **08-10-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ചാർജ് വർദ്ധനവിനായി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി. താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്.<br><br>സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി.ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇത് കമ്മീഷന്റെ പരിഗണനയിലാണ്.<br><br>പ്രധാനമായും, LT VI (D) ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്ന അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗൻവാടികൾ മുതലായ വിഭാഗങ്ങളൊഴിച്ച് ബാക്കി എല്ലാ ഉപഭോക്തൃ വിഭാഗങ്ങൾക്കും ബാധകമായിട്ടുള്ള താരിഫ് പരിഷ്കരണ ശുപാർശകൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശകളിൽ മേൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | ഏത് കാലയളവിലേക്ക് ഏതൊക്കെ നിരക്കിലുള്ള വൈദ്യുതി ചാർജ് വർദ്ധനവിനാണ് ആവശ്യം ഉന്നയിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (ബി) | കെ.എസ്.ഇ.ബി.ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളുടെ സംഗ്രഹം **അനുബന്ധമായി** കൊടുത്തിരിക്കുന്നു. |
| (സി) | വേനൽക്കാലത്തെ ഉപഭോഗത്തിന് സമ്മർ താരിഫ് എന്ന ഇനത്തിൽ യൂണിറ്റിന് 10 പൈസ അധികം ഈടാക്കുവാൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിർദ്ദേശം നൽകിയത് എന്ന് വ്യക്തമാക്കുമോ; | (സി) | യൂണിറ്റ് ഒന്നിന് 10 പൈസ നിരക്കിൽ ജനുവരി മുതൽ മേയ് വരെയുള്ള അഞ്ചുമാസ കാലയളവിലേക്കാണ് സമ്മർ താരിഫ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25. 06. 2022-ന് പുറപ്പെടുവിച്ച മൾട്ടി ഇയർ താരിഫ് (Multi Year |

Tariff) ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ള റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം നികത്തുന്നതിനാണ് സമ്മർ താരിഫ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സമ്മർ താരിഫ് നിർദേശിക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ അതുംകൂടി ചേർത്ത് വർഷം മുഴുവനും സാധാരണ താരിഫ് ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടി വരുമായിരുന്നു.

2024-25 കമ്മീഷൻ അംഗീകരിച്ചിട്ടുള്ള റവന്യൂ ഗ്യാപ്പ് പ്രകാരം (2022- 23, 2023-24 അനുവദിച്ചിട്ടുള്ള താരിഫ് പരിഷ്കരണം മൂലമുള്ള അധിക റവന്യൂ തട്ടിക്കിഴിച്ചതിനു ശേഷം) നികത്തപ്പെടേണ്ട റവന്യൂ കമ്മി 1370 കോടിയോളം രൂപയാണ്. ഇതു മുഴുവനായി നികത്തുകയാണെങ്കിൽ വർഷം മുഴുവനും യൂണിറ്റ് ഒന്നിന് 51 പൈസ അധികമായി ഈടാക്കേണ്ടി വരുമായിരുന്നു. എന്നാൽ സാധാരണ താരിഫ് എന്ന നിലയ്ക്ക് സാമ്പത്തിക വർഷം മുഴുവനും യൂണിറ്റൊന്നിന് 30 പൈസയും ജനുവരി മുതൽ മെയ് വരെയുള്ള അഞ്ചുമാസ കാലയളവിലേക്ക് യൂണിറ്റ് ഒന്നിന് പത്തു പൈസയും നിലവിലുള്ള താരിഫിനെക്കാൾ അധികമായി ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഫലത്തിൽ യൂണിറ്റ് ഒന്നിന് വർഷം മുഴുവൻ ഉള്ള അധിക ബാധ്യത 34 പൈസയായി ചുരുങ്ങി.

സംസ്ഥാനത്ത് കഴിഞ്ഞ വേനൽക്കാലത്ത് ഉപഭോഗത്തിലും ഡിമാന്റിലും അഭൂതപൂർവ്വമായ വർദ്ധനവാണ് രേഖപ്പെടുത്തിയത്. 2024 മെയ് മാസത്തിൽ ഡിമാൻഡ് 5797 മെഗാ വാട്ടിലേക്കും പ്രതിദിന ഉപഭോഗം 116 ദശലക്ഷം യൂണിറ്റിലേക്കും എത്തിയിരുന്നു. എന്നാൽ, ഈ വർദ്ധിച്ച ഉപഭോഗം തടസ്സങ്ങൾ ഇല്ലാതെ നിറവേറ്റുന്നതിന് സാധിച്ചിട്ടുണ്ട്. വർദ്ധിച്ച ഉഷ്ണ തരംഗം മൂലം കൂടുതലായി ശീതീകരണ സംവിധാനങ്ങൾ ഉപയോഗിച്ചത് മൂലമാണ് ഈ വർദ്ധനവ് ഉണ്ടായത്. കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രതീക്ഷിച്ചതിൽ അധികമായി വന്ന ഈ ഉപഭോഗം നിറവേറ്റുന്നതിനായി പൊതുവിപണിയിൽ നിന്ന് ഉയർന്ന വിലകൊടുത്ത് വൈദ്യുതി വാങ്ങേണ്ടതായി വന്നിട്ടുണ്ട്. ഉയർന്ന വില കൊടുത്ത് വൈദ്യുതി വാങ്ങുന്നതിന്റെ ബാധ്യത നിലവിലുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളിൽ പ്രതിഫലിച്ചിട്ടില്ല.

നിലവിൽ, വേനൽ കാലങ്ങളിൽ വലിയ തോതിലുള്ള വൈദ്യുതി വാങ്ങൽ തുക ചിലവഴിക്കേണ്ടി വരുന്നുണ്ട്. ഇതുമൂലം സാധാരണ വരുന്ന ചെലവുകൾക്ക് പോലും ഫണ്ട് കണ്ടെത്താവാനാത്ത സ്ഥിതി വിശേഷം ഉണ്ട്. വൈദ്യുതി വാങ്ങൽ തുകയിൽ ഒരു ഭാഗമെങ്കിലും

| | | | |
|---|---|---|---|
| | | | യഥാസമയം നൽകുന്നതിനുവേണ്ടിയാണ് സമ്മർ താരിഫ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. |
| (ഡി) | ഉയർന്ന വില കൊടുത്ത് വൈദ്യുതി വാങ്ങുന്നതിന്റെ ഭാരം ബില്ലിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ തെളിവെടുപ്പുകളിൽ ജനരോഷം ഉയർന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ സമ്മർ താരിഫ് ഉൾപ്പെടെ വൈദ്യുതി നിരക്ക് വർദ്ധനവിനുള്ള നടപടികൾ ഉപേക്ഷിക്കാൻ തയ്യാറാകുമോ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 70 ശതമാനവും പുറമേ നിന്നുള്ള വൈദ്യുതി വാങ്ങിയാണ് നിറവേറ്റപ്പെടുന്നത്. കഴിഞ്ഞ വേനൽക്കാലത്തും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. കാലാവസ്ഥാ വ്യതിയാനം മൂലം സംസ്ഥാനത്തെ ഉപഭോഗത്തിൽ ഉണ്ടായ വർദ്ധനവ് വൈദ്യുതി നിയന്ത്രണങ്ങൾ കൂടാതെ നിറവേറ്റപ്പെടുന്നതിന് പുറമേ നിന്ന് വൈദ്യുതി വാങ്ങേണ്ടതായി വന്നിട്ടുണ്ട്. വേനൽക്കാലത്ത് വിപണിയിൽ വൈദ്യുതി വില വളരെ കൂടുതലും ആണ്. എന്നാൽ നിലവിലുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ, 25.06.2022-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ റവന്യൂ കമ്മി മാത്രം നികത്തുന്നതിന് വേണ്ടിയിട്ടുള്ളതാണ്. വേനൽക്കാലത്തെ വൈദ്യുതി വാങ്ങൽ തുക നിലവിലെ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളിൽ പ്രതിഫലിച്ചിട്ടില്ല.<br><br>വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിന് റെഗുലേറ്ററി കമ്മീഷൻ നടത്തിയ പൊതു തെളിവെടുപ്പിൽ ഉയർന്നുവന്നിട്ടുള്ള ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.<br><br>6400 കോടിയോളം രൂപ സഞ്ചിത റവന്യൂ കമ്മിയും 11000 കോടിയോളം രൂപ സഞ്ചിത പ്രവർത്തന നഷ്ടവും ഉള്ള സാഹചര്യത്തിൽ നിലവിലെ പരിഷ്കരണ നിർദ്ദേശങ്ങൾ ഉപേക്ഷിക്കുന്നത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കും.<br><br>എന്നാൽ, സമ്മർ താരിഫിൽ നിന്ന് പ്രതിമാസം 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെയും, അനാഥാലയങ്ങൾ, അംഗനവാടികൾ, വൃദ്ധസദനങ്ങൾ, കാർഷിക ഉപഭോക്താക്കൾ എന്നിവരെയും ഒഴിവാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഏകദേശം 32 ലക്ഷം ഉപഭോക്താക്കൾ സമ്മർ താരിഫിന്റെ ബാധ്യതയിൽ നിന്ന് ഒഴിവാകും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ

### എ . ലോ-ടെൻഷൻ വിഭാഗം

**1. എൽ ടി I ഗാർഹികം**
**എനർജി ചാർജ് : സിംഗിൾ ഫേസ് / ത്രീഫേസ് (രൂപ/യൂണിറ്റ്)**

| പ്രതിമാസ സ്ളാബ് (യൂണിറ്റ്) | നിലവിലുള്ള താരിഫ് | നിർദ്ദേശിച്ച താരിഫ് | | | |
|---|---|---|---|---|---|
| | | 2024-25 | 2025-26 | 2026-27 | |
| 0-40 (BPL) | 1.50 | **1.50** | 1.50 | 1.50 | Telescopic |
| 0-50 | 3.25 | **3.35** | 3.50 | 3.50 | |
| 51-100 | 4.05 | **4.25** | 4.45 | 4.45 | |
| 101-150 | 5.10 | **5.30** | 5.50 | 5.55 | |
| 151-200 | 6.95 | **7.20** | 7.45 | 7.50 | |
| 201-250 | 8.20 | **8.50** | 8.75 | 8.80 | |
| 0 to 300 | 6.40 | **6.70** | 6.95 | 7.00 | Non-Telescopic |
| 0 to 350 | 7.25 | **7.55** | 7.80 | 7.85 | |
| 0 to 400 | 7.60 | **7.90** | 8.15 | 8.20 | |
| 0 to 500 | 7.90 | **8.20** | 8.45 | 8.50 | |
| above 500 | 8.80 | **9.10** | 9.35 | 9.40 | |

**ഫിക്സഡ് ചാർജ് (രൂപ/ഉപഭോകതാവിന്/ പ്രതിമാസം)**

| സ്ളാബ് /യൂണിറ്റ് | സിംഗിൾ ഫേസ് | | | | ത്രീഫേസ് | | | |
|---|---|---|---|---|---|---|---|---|
| | നിലവിലുള്ള താരിഫ് | നിർദ്ദേശിച്ച താരിഫ് | | | നിലവിലുള്ള താരിഫ് | നിർദ്ദേശിച്ച താരിഫ് | | |
| | | 2024-25 | 2025-26 | 2026-27 | | 2024-25 | 2025-26 | 2026-27 |
| 0-40 (BPL) | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 0-50 | 40 | 50 | 55 | 55 | 100 | 150 | 170 | 175 |
| 51-100 | 65 | 80 | 90 | 90 | 140 | 170 | 180 | 185 |
| 101-150 | 85 | 100 | 110 | 110 | 170 | 200 | 210 | 215 |
| 151-200 | 120 | 150 | 160 | 165 | 180 | 210 | 220 | 225 |
| 201-250 | 130 | 160 | 170 | 175 | 200 | 230 | 240 | 245 |
| 0 to 300 | 150 | 180 | 190 | 195 | 205 | 235 | 245 | 250 |
| 0 to 350 | 175 | 205 | 215 | 220 | 210 | 240 | 250 | 255 |
| 0 to 400 | 200 | 230 | 240 | 245 | 210 | 240 | 250 | 255 |
| 0 to 500 | 230 | 260 | 270 | 275 | 235 | 265 | 275 | 280 |
| above 500 | 260 | 290 | 310 | 315 | 260 | 300 | 310 | 315 |

2. LT II താൽകാലിക കണക്ഷൻ

| നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് |
|---|---|---|
| എനർജി ചാർജ് (Rs./kWh) | 12.50 **or** | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല |
| ഒരു ദിവസത്തേക്ക് ഒരു കിലോവാട്ടിന് 100 രൂപാ ക്രമത്തിൽ അല്ലെങ്കിൽ എനർജി ചാർജോ ഏതാണോ വലുത് അതായിരിക്കും ഇലക്ട്രിസിറ്റി ചാർജ്ജ് | | |

## 3. LT III താൽ കാലിക എക്സ്റ്റൻഷൻ

| നിലവിലുള്ള താരിഫ് | നിർദ്ദേശിച്ച താരിഫ് |
|---|---|
| ഒരു ദിവസത്തേക്ക് ഒരു കിലോവാട്ടിന് 65 രൂപാ | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല |

4. LT IV എൽ-ടി IV A & IV B - വ്യവസായം

| വിഭാഗം | നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് | | | | | |
|---|---|---|---|---|---|---|---|---|
| | | | 2024-25 | | 2025-26 | | 2026-27 | |
| | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് |
| **LT IV (A) വ്യവസായം** | | | | | | | | |
| CL <10 kW | 5.80 | 140 | 5.95 | 150 | 6.05 | 160 | 6.05 | 160 |
| 10 - 20 kW | 5.80 | 85 | 5.95 | 100 | 6.10 | 110 | 6.10 | 110 |
| ≥ 20 kW | 5.85 | 200 | 6.00 | 220 | 6.15 | 230 | 6.20 | 230 |
| **LT IV (B) ഐ.റ്റി അധിഷ്ഠിത വ്യവസായം** | | | | | | | | |
| CL<10 kW | 6.50 | 165 | 6.65 | 175 | 6.75 | 200 | 6.75 | 200 |
| 10 - 20 kW | 6.50 | 120 | 6.65 | 135 | 6.75 | 160 | 6.75 | 160 |
| ≥ 20 kW | 6.60 | 200 | 6.75 | 220 | 6.85 | 240 | 6.85 | 240 |

10 കിലോവാട്ട് വരെ - ഫിക്സഡ് ചാർജ് (രൂപ/കണക്ഷൻ/ മാസം)
10 - 20 കിലോവാട്ട്. - ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട്/ മാസം)
20 കിലോവാട്ടും അതിനു മുകളിലും - ഡിമാൻറ് ചാർജ് (രൂപ/ കെവിഎ/ മാസം)
എനർജി ചാർജ് : (രൂപ/യൂണിറ്റ്)

## 5. LT-V (A) & V (B) കാർഷികം

പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട്)

എനർജി ചാർജ് : (രൂപ/യൂണിറ്റ്)

| | | | 2024-25 | | 2025-26 | | 2026-27 | |
|---|---|---|---|---|---|---|---|---|
| | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് |
| LT V (A) | 2.30 | 20 | 2.50 | 30 | 2.60 | 40 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| LT V (B) | 3.40 | 20 | 3.70 | 40 | 3.90 | 60 | | |

## 6. LT VI ജനറൽ

പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട്)

എനർജി ചാർജ് : (രൂപ/യൂണിറ്റ്)

| വിഭാഗം | നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് | | | | | |
|---|---|---|---|---|---|---|---|---|
| | | | 2024-25 | | 2025-26 | | 2026-27 | |
| | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് |
| **LT VI (A) ജനറൽ** | | | | | | | | |
| < 500 units | 5.80 | 80.00 | 6.00 | 90 | 6.10 | 100 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടി | |
| > 500 | 6.65 | 80.00 | 6.85 | 90 | 6.95 | 100 | | |
| **LT VI (B) ജനറൽ** | | | | | | | | |
| < 500 units | 6.50 | 105 | 6.60 | 115 | 6.70 | 125 | നിരക്കുകളിൽ മാറ്റം | |
| > 500 | 7.15 | 105 | 7.25 | 115 | 7.35 | 125 | | |
| **LT VI (C) ജനറൽ** | | | | | | | | |
| | | | | | | | | |
| < 500 units | 7.15 | 190 | 7.15 | 200 | 7.15 | 210 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| > 500 | 8.65 | 190 | 8.65 | 200 | 8.65 | 210 | | |
| **LT VI (D) ജനറൽ** | | | ഫിക്സഡ് ചാർജ് (രൂപ/കണക്ഷൻ/ മാസം) | | | | | |
| For all units | 2.10 | 35 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | | | | | |

**LT VI (E) ജനറൽ**

| ഫിക്സഡ് ചാർജ് (രൂപ/കണക്ഷൻ/ മാസം) | നിലവിലുള്ള താരിഫ് | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|
| സിംഗിൾ ഫേസ് | 50 | 70 | 80 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല |
| ത്രീഫേസ് | 120 | 150 | 160 | |

| എനർജി ചാർജ് | നിലവിലുള്ള താരിഫ് | **2024-25** | **2025-26** | **2026-27** |
|---|---|---|---|---|
| 0 -100 | 4.70 | 4.90 | 4.95 | |
| 0 -200 | 5.40 | 5.60 | 5.65 | |
| 200 യൂണിറ്റിനു മുകളിൽ | 7.10 | 7.30 | 7.35 | |

**VI (F) ജനറൽ**

| ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട് / പ്രതിമാസം) | നിലവിലുള്ള താരിഫ് | നിർദ്ദിഷ്ട താരിഫ് | | |
|---|---|---|---|---|
| | | **2024-25** | **2025-26** | **2026-27** |
| സിംഗിൾ ഫേസ് | **90** | **110** | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| ത്രീഫേസ് | **180** | **200** | | |

| എനർജി ചാർജ് (രൂപ/യൂണിറ്റ്) | നിലവിലുള്ള താരിഫ് | നിർദ്ദിഷ്ട താരിഫ് | | |
|---|---|---|---|---|
| | | **2024-25** | **2025-26** | **2026-27** |
| 0-100 | 6.05 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | | |
| 0 -200 | 6.80 | | | |
| 0- 300 | 7.50 | | | |
| 0 - 500 | 8.15 | | | |
| > 500 | 9.25 | | | |

**LT VI (G) ജനറൽ**

| ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട് / പ്രതിമാസം) | നിലവിലുള്ള താരിഫ് | **2024-25** | **2025-26** | **2026-27** |
|---|---|---|---|---|
| സിംഗിൾ ഫേസ് | 80 | **100** | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| ത്രീഫേസ് | 165 | **185** | | |

| എനർജി ചാർജ് (രൂപ/യൂണിറ്റ്) | നിലവിലുള്ള താരിഫ് | **2024-25** | **2025-26** | **2026-27** |
|---|---|---|---|---|
| **0 -500** | 5.85 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | | |
| 0 -1000 | 6.60 | | | |
| 0 - 2000 | 7.70 | | | |
| 2000 യൂണിറ്റിനു മുകളിൽ | 8.60 | | | |

7. **LT VII വാണിജ്യം**

**LT VII (A) വാണിജ്യം**

| ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട് / മാസം) | നിലവിലുള്ള താരിഫ് | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|
| സിംഗിൾ ഫേസ് | 90 | 110 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| ത്രീഫേസ് | 175 | 200 | | |

| എനർജി ചാർജ് (രൂപ/യൂണിറ്റ്) | നിലവിലുള്ള താരിഫ് | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|
| 0-100 | 6.05 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | | |
| 0 -200 | 6.80 | | | |
| 0 - 300 | 7.50 | | | |
| 0 - 500 | 8.15 | | | |
| 500 യൂണിറ്റിനു മുകളിൽ | 9.40 | | | |

എനർജി ചാർജ് :

(രൂപ/യൂണിറ്റ്)

| സ്ളാബ് (യൂണിറ്റ്) | നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് | | | | |
|---|---|---|---|---|---|---|---|
| | | | 2024-25 | | 2025-26 | | 2026-27 |
| | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | |
| **LT VII (B) വാണിജ്യം**<br>ഒരു കിലോ വാട്ട് വരെ - ഫിക്സഡ് ചാർജ് (രൂപ/കണക്ഷൻ/ മാസം)<br>ഒരു കിലോ വാട്ട് മുതൽ രണ്ട് കിലോ വാട്ട് വരെ - പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട് | | | | | | | |
| 0 to 100 units | **5.30** | **Rs.60- up to 1 KW** | 5.50 | 80 | 5.50 | 90 | മാറ്റം നിർദ്ദേശിച്ചിട്ടില്ല |
| 0 to 200 units | **6.10** | **Rs.70- above 1kW and upto 2kW** | 6.35 | 90 | 6.40 | 100 | |
| 0 to 300 units | **6.70** | | 6.95 | | 7.00 | | |
| LT VII (C) വാണിജ്യം<br>പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട്) | | | | | | | |
| 0 - 1000 units | 6.30 | 130 | 6.40 | 150 | 6.50 | 150 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല |
| > 1000 units | 7.70 | 130 | 7.80 | 150 | 7.90 | 150 | |

P 26 C/F

**എൽ ടി-VIII വഴി വിളക്കുകൾ എൽടി-VIII (A) മീറ്റർ ഇല്ലാത്ത വഴി വിളക്കുകൾ** (രൂപ/ വിളക്ക് /പ്രതിമാസം)

| വിളക്കുകൾ | വാട്ട്സ് (W) | പ്രതിദിന ജ്വലനം | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ള താരിഫ് | | | നിർദ്ദേശിച്ച താരിഫ് | | | | |
| | | | | | 2024-25 | | | 2025-26 | 2026-27 |
| | | 4 മണിക്കൂർ | 6 മണി. | 12 മണി. | 4 മണിക്കൂർ | 6 മണി. | 12 മണി. | | |
| സാധാരണ ബൾബ് | 40 | 27 | 41 | 82 | 28 | 42 | 84 | | |
| സാധാരണ ബൾബ് | 60 | 41 | 61 | 126 | 42 | 63 | 128 | | |
| സാധാരണ ബൾബ് | 100 | 69 | 103 | 207 | 71 | 106 | 211 | | |
| ഫ്ലൂ. ട്യൂബ് | 40 | 27 | 41 | 82 | 28 | 42 | 84 | | |
| ഫ്ലൂ. ട്യൂബ് | 80 | 54 | 82 | 165 | 56 | 84 | 168 | | |
| ഫ്ളഡ് ലൈറ്റ് | 1000 | 691 | 1036 | 2073 | 705 | 1057 | 2114 | | |
| എം വി ലാംപ് | 80 | 62 | 86 | 177 | 64 | 88 | 180 | | |
| എം വി ലാംപ് | 125 | 94 | 138 | 275 | 96 | 141 | 280 | | |
| എം വി ലാംപ് | 160 | 119 | 177 | 354 | 122 | 181 | 361 | | |
| എം വി ലാംപ് | 250 | 184 | 275 | 552 | 188 | 281 | 563 | | |
| എം വി ലാംപ് | 400 | 295 | 440 | 882 | 301 | 449 | 899 | | |
| എസ് വി ലാംപ് | 70 | 52 | 79 | 155 | 54 | 81 | 158 | | |
| എസ് വി ലാംപ് | 80 | 59 | 86 | 177 | 61 | 88 | 180 | | |
| എസ് വി ലാംപ് | 100 | 73 | 110 | 220 | 75 | 113 | 224 | | |
| എസ് വി ലാംപ് | 125 | 94 | 138 | 275 | 96 | 141 | 280 | | |
| എസ് വി ലാംപ് | 150 | 110 | 165 | 331 | 113 | 169 | 337 | | |
| എസ് വി ലാംപ് | 250 | 184 | 275 | 552 | 188 | 281 | 563 | | |
| സി.എഫ്.എൽ | 11 | 6 | 10 | 20 | 7 | 11 | 20 | | |
| സി.എഫ്.എൽ (പുതിയ) | 14 | 8 | 12 | 26 | 9 | 13 | 27 | | |
| സി.എഫ്.എൽ | 15 | 9 | 14 | 27 | 10 | 15 | 28 | 2025-26 – ലും 2026-27-ലും നിരക്ക് വർദ്ധനവ് ശുപാർശ ചെയ്തിട്ടില്ല | |
| സി.എഫ്.എൽ | 18 | 11 | 16 | 32 | 12 | 17 | 33 | | |
| സി.എഫ്.എൽ | 22 | 14 | 20 | 40 | 15 | 21 | 41 | | |
| സി.എഫ്.എൽ | 30 | 19 | 27 | 54 | 20 | 28 | 55 | | |
| സി.എഫ്.എൽ | 36 | 22 | 32 | 66 | 23 | 33 | 67 | | |
| സി.എഫ്.എൽ | 44 | 26 | 40 | 79 | 27 | 41 | 81 | | |
| സി.എഫ്.എൽ | 72 | 44 | 66 | 130 | 45 | 68 | 133 | | |
| സി.എഫ്.എൽ | 144 | 86 | 130 | 259 | 88 | 133 | 264 | | |
| എൽ.ഇ.ഡി. | 9 | 3 | 5 | 12 | 4 | 6 | 12 | | |
| എൽ.ഇ.ഡി. | 12 | 5 | 6 | 17 | 6 | 7 | 17 | | |
| എൽ.ഇ.ഡി. | 15 | 6 | 8 | 22 | 7 | 9 | 22 | | |
| എൽ.ഇ.ഡി. | 18 | 6 | 14 | 25 | 7 | 15 | 25 | | |
| എൽ.ഇ.ഡി. | 20 | 9 | 14 | 28 | 10 | 15 | 29 | | |
| എൽ.ഇ.ഡി. | 24 | 12 | 17 | 37 | 13 | 18 | 38 | | |
| എൽ.ഇ.ഡി. | 25 | 12 | 17 | 39 | 13 | 18 | 40 | | |
| എൽ.ഇ.ഡി. | 30 | 14 | 20 | 47 | 15 | 21 | 48 | | |
| എൽ.ഇ.ഡി. | 35 | 16 | 25 | 48 | 17 | 26 | 49 | | |
| എൽ.ഇ.ഡി. | 40 | 19 | 28 | 56 | 20 | 29 | 57 | | |
| എൽ.ഇ.ഡി. | 45 | 20 | 30 | 66 | 21 | 31 | 67 | | |
| എൽ.ഇ.ഡി. | 70 | 33 | 48 | 98 | 34 | 49 | 100 | | |
| എൽ.ഇ.ഡി. | 80 | 36 | 56 | 112 | 37 | 58 | 114 | | |
| എൽ.ഇ.ഡി. | 110 | 50 | 78 | 153 | 51 | 80 | 156 | | |
| എൽ.ഇ.ഡി. | 150 | 69 | 106 | 209 | 71 | 109 | 213 | | |
| എംവി ലാംപ്* | 1200 | | | 2669 | | | 2721 | | |
| എംവി ലാംപ്* | 250 | | | 556 | | | 567 | | |

* സെമി ഹൈ മാസ്റ്റ് വിളക്കുകൾ

P27 C'F

എൽ ടി-VIII B മീറ്റർ ഉള്ള വഴിവിളക്കുകൾ

ഫിക്സഡ് ചാർജ് (രൂപ//മീറ്റർ/പ്രതിമാസം)
എനർജി ചാർജ് (രൂപ / യൂണിറ്റ്)

| നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് | | | | | |
|---|---|---|---|---|---|---|---|
| | | 2024-25 | | 2025-26 | | 2026-27 | |
| എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് | എനർജി ചാർജ് | ഫിക്സഡ് ചാർജ് |
| 4.80 | 90 | 5.00 | 100 | 5.10 | 110 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |

9. എൽടി- IX പരസ്യ വിളക്കുകൾ

| ഇനം | നിലവിലുള്ള താരിഫ് | നിർദ്ദേശിച്ച താരിഫ് | | |
|---|---|---|---|---|
| | | 2024-25 | 2025-26 | 2026-27 |
| (a) ഫിക്സഡ് ചാർജ് ) -ഒരു കിലോ വാട്ട് വരെ (രൂപ/കണക്ഷൻ/ മാസം | 700.00 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | | |
| (b) ഒരു കിലോവാട്ടിനു മുകളിൽ വരുന്ന ഓരോ കിലോവാട്ട് കണക്റ്റഡ് ലോഡിനും/ പ്രതിമാസം | 150 | | | |
| (C) എനർജി ചാർജ് (രൂപ / യൂണിറ്റ്) | 12.50 | | | |

10. എൽടി- X വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷൻ

| ഇനം | നിലവിലുള്ള താരിഫ് | നിർദ്ദേശിച്ച താരിഫ് | | |
|---|---|---|---|---|
| | | 2024-25 | 2025-26 | 2026-27 |
| പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/ കിലോവാട്ട്) | 100 | 120 | 130 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല |
| എനർജി ചാർജ് (രൂപ / യൂണിറ്റ്)) | 5.50 | 5.70 | 5.80 | |

P28
CH

(ബി) എച്ച് ടി വിഭാഗം ഡിമാൻഡ് ചാർജ് (രൂപ/ കെ വി എ / മാസം)

| വിഭാഗം | നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് | | | | | |
|---|---|---|---|---|---|---|---|---|
| | | | 2024-25 | | 2025-26 | | 2026-27 | |
| | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് |
| എച്ച്ടി -I എ | 6.15 | 405 | 6.25 | 415 | 6.35 | 425 | | |
| എച്ച്ടി-I ബി | 6.60 | 410 | 6.75 | 440 | 6.85 | 450 | | |
| എച്ച്ടി -II എ | 6.05 | 440 | 6.35 | 470 | 6.50 | 480 | | |
| എച്ച്ടി -IIബി ≤ 30000 U | 6.80 | 525 | 6.9 | 525 | മാറ്റം നിർദ്ദേശിച്ചിട്ടില്ല | | | |
| എച്ച്ടി -II ബി >30000 U | 7.80 | 525 | 7.90 | 525 | | | | |
| എച്ച്ടി -IIIഎ | 3.50 | 230 | 3.70 | 250 | 3.90 | 270 | | |
| എച്ച്ടി -III ബി | 4.00 | 250 | 4.20 | 270 | 4.40 | 270 | | |
| എച്ച്ടി -IVഎ ≤30000 U | 6.80 | 500 | 6.90 | 500 | മാറ്റം നിർദ്ദേശിച്ചിട്ടില്ല | | മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| എച്ച്ടി -IV എ > 30000 U | 7.80 | 500 | 7.90 | 500 | | | | |
| എച്ച്ടി -IV ബി ≤30000 U | 6.90 | 500 | 6.90 | 500 | | | | |
| എച്ച്ടി -IV ബി > 30000 U | 7.90 | 500 | 7.90 | 500 | | | | |
| എച്ച് ടി V ഗാർഹികം | 6.15 | 440 | 6.30 | 460 | 6.50 | 470 | | |
| എച്ച് ടി VI (ഇ വി) | 6.00 | 290 | 6.25 | 310 | 6.35 | 330 | | |

**(സി) ഇ.എച്ച്.ടി വിഭാഗം** ഡിമാൻഡ് ചാർജ് (രൂപ/ കെ വി എ / മാസം)

| വിഭാഗം | നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് | | | | | |
|---|---|---|---|---|---|---|---|---|
| | | | 2024-25 | | 2025-26 | | 2026-27 | |
| | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് |
| ഇ.എച്ച്.ടി 66 കെ.വി | 6.15 | 400 | 6.25 | 420 | 6.35 | 430 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| ഇ.എച്ച്.ടി 110 കെ.വി. | 6.00 | 400 | 6.10 | 420 | 6.20 | 430 | | |
| ഇ.എച്ച്.ടി 220 കെ.വി | 5.40 | 380 | 5.55 | 400 | 5.60 | 410 | | |
| ഇ.എച്ച്.ടി ജനറൽ എ | 5.75 | 400 | 6.00 | 425 | 6.10 | 435 | | |
| ഇ.എച്ച്.ടി ജനറൽ ബി ≤60,000 units | 6.00 | 450 | 6.10 | 460 | 6.20 | 470 | | |
| ഇ.എച്ച്.ടി ജനറൽ ബി > 60,000 units | 7.00 | 450 | 7.10 | 460 | 7.20 | 470 | | |
| ഇ.എച്ച്.ടി ജനറൽ സി ≤60,000 units | 6.40 | 450 | 6.50 | 460 | 6.60 | 470 | | |
| ഇ.എച്ച്.ടി ജനറൽ സി > 60,000 units | 7.40 | 450 | 7.50 | 460 | 7.60 | 470 | | |
| റെയിൽവേ ട്രാക്ഷൻ 110 കെ. വി | 5.50 | 360 | 5.75 | 380 | 5.80 | 390 | | |
| കെ.എം.ആർ.എൽ 110 കെ. വി | 5.15 | 300 | 5.25 | 320 | 5.40 | 340 | | |
| ഡിഫൻസ് സ്ഥാപനങ്ങൾ | 5.50 | 360 | 5.75 | 380 | 5.80 | 390 | | |
| ഡിഫൻസ് കോളനികൾ | 6.15 | 440 | 6.30 | 460 | 6.50 | 470 | | |

ഡിമാൻഡ് ചാർജ് (രൂപ/ കെ വി എ / മാസം)
എനർജി ചാർജ് (രൂപ / യൂണിറ്റ്)

ഡി. ലൈസെൻസികൾക്കുള്ള ബൾക്ക് സപ്ലൈ താരിഫ്

ഡിമാൻഡ് ചാർജ് (രൂപ/ കെ വി എ / മാസം)

| ലൈസെൻസി | നിലവിലുള്ള താരിഫ് | | നിർദ്ദേശിച്ച താരിഫ് | | | | | |
|---|---|---|---|---|---|---|---|---|
| | | | 2024-25 | | 2025-26 | | 2026-27 | |
| | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് | എനർജി ചാർജ് | ഡിമാൻഡ് ചാർജ് |
| KPUPL | 6.30 | 400 | 6.50 | 430 | 6.60 | 440 | നിരക്കുകളിൽ മാറ്റം നിർദ്ദേശിച്ചിട്ടില്ല | |
| CSEZ | 6.30 | 400 | 6.50 | 430 | 6.60 | 440 | | |
| RPL | 5.65 | 400 | 5.85 | 430 | 5.95 | 440 | | |
| Technopark | 6.15 | 400 | 6.35 | 430 | 6.45 | 440 | | |
| CPT | 6.40 | 400 | 6.60 | 430 | 6.70 | 440 | | |
| TSR Corp | 6.65 | 400 | 6.85 | 430 | 6.95 | 440 | | |
| Info Park | 5.90 | 400 | 6.15 | 430 | 6.25 | 440 | | |
| KDHPCL | 5.40 | 400 | 5.65 | 430 | 5.75 | 440 | | |
| Smart city | 5.90 | 400 | 6.15 | 430 | 6.25 | 440 | | |
| Karnataka | 6.25 | 410 | 6.45 | 430 | 6.55 | 440 | | |